# വനിതശിശുവികസനഡയറക്ടറുടെ നടപടിക്രമങ്ങൾ

## (ഹാജർ : ശ്രീമതി.പ്രിയങ്ക.ജി.IAS )

വിഷയം : വനിതശിശുവികസനവകുപ്പ്-2022-23 അങ്കണവാടി നവീകരണം-
25 അങ്കണവാടികൾ നവീകരിക്കുന്നതിന് അനുമതി നൽകി
ഉത്തരവാകുന്നു

സൂചന : 1) സ.ഉ.(സാധാ) നം 325/2022/വശിവിവ തീയതി : 12/07/2022
2)സ.ഉ(സാധാ) നം 6923/2021/ധന തീയതി : 26/10/2021

**ഉത്തരവ് നം ഐസിഡിഎസ്സ്/എ7/6333/22 തീയതി: 12/08/2022**

അങ്കണവാടി കേന്ദ്രങ്ങളെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സാമൂഹികവിഭവകേന്ദ്രമാക്കി വികസിപ്പിക്കുന്നതിന്റെ ഭാഗമായി 2022-23 സാമ്പത്തിക വർഷം 4235-02-102-96 പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 200 ലക്ഷം രൂപയിൽ നിന്നും 100 ലക്ഷം രൂപ വിനിയോഗിച്ച് 25 അങ്കണവാടി കെട്ടിടങ്ങൾ ഒരു ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ നിരക്കിൽ തദ്ദേശസ്വയംഭരണഎഞ്ചിനീയറിംഗ് വിംഗ് മുഖേന നവീകരണം നടത്തുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ ചീഫ് കൺട്രോളിംഗ് ആഫീസറായിട്ടുള്ള 4235-02-102-96 പ്ളാൻ ശീർഷകത്തിൽ നിന്നും തദ്ദേശസ്വയംഭരണവകുപ്പ് നിർമ്മാണം/നവീകരണം പൂർത്തിയാക്കുന്ന പക്ഷം തുക പിൻവലിക്കുന്നതിനായി തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറെ ടി ശീർഷകത്തിൽ cross map ചെയ്ത് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

വിവിധ ജില്ലകളിൽ നിന്നും അങ്കണവാടികൾ നവീകരിക്കുന്നതിനുള്ള അനുമതി ആവശ്യപ്പെട്ട് LSGD എഞ്ചിനീയറിംഗ് വിഭാഗം മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് സഹിതം പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലുകളിൽ നിന്നും അനുബന്ധമായി ചേർത്തിരിക്കുന്ന ലിസ്റ്റ് പ്രകാരമുള്ള 25 അങ്കണവാടി കെട്ടിടങ്ങൾ നവീകരിക്കുന്നതിന് അനുമതി നൽകിയും നവീകരണചുമതല തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർക്ക് നൽകിയും ഉത്തരവാകുന്നു.

നവീകരണാനുമതി നൽകിയിട്ടുള്ള അങ്കണവാടികളുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള നവീകരണപ്രവൃത്തികൾ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ അടിയന്തിരമായി ആരംഭിക്കേണ്ടതും നടപ്പ് വർഷം തന്നെ നവീകരണം പൂർത്തിയാക്കി 4235-02-102-96 പ്ലാൻ ശീർഷകത്തിൽ നിന്നും തുക അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്. പോഗ്രാം ആഫീസർമാർ പ്രതിമാസനവീകരണപുരോഗതി വിലയിരുത്തി അങ്കണവാടികളുടെ നവീകരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതും പ്രതിമാസ റിപ്പോർട്ട് ഈ കാര്യലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

ചീഫ് എഞ്ചിനീയർ
LSGD എഞ്ചിനീയറിംഗ് വിംഗ്
തിരുവനന്തപുരം (സർക്കാർ ഉത്തരവ് സഹിതം)

ഒപ്പ്

വനിതശിശുവികസനഡയറക്ടർ

**പകർപ്പ്**

1)ചീഫ് എഞ്ചിനീയർ,PWD കെട്ടിട വിഭാഗം
2)എക്സിക്യൂട്ടിവ് എഞ്ചിനീയർ,LSGD (പ്രോഗ്രാം ആഫീസർമാർ മുഖേന)
3)അസിസ്റ്റന്റ് എഞ്ചിനീയർ, LSGD (സിഡിപിഒമാർ മുഖേന)
4)ബന്ധപ്പെട്ട പ്രോഗ്രാം ആഫീസർമാർക്ക്
5) ബന്ധപ്പെട്ട സിഡിപിഒമാർക്ക്
5) സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

2022-23 സാമ്പത്തിക വർഷം നവീകരണാനുമതി നൽകുന്ന 25 അങ്കണവാടികളുടെ ലിസ്റ്റ്
ഉത്തരവ് നം ഐസിഡിഎസ്സ്/എ7-6333/22 തീയതി : 12 /08/2022

| ക്രമ നം | ജില്ല | ഐസിഡിഎസ്സ് | പഞ്ചായത്ത് | സെന്റർ നം | തുക |
|---|---|---|---|---|---|
| 1 | കോഴിക്കോട് | അർബൻ 3 | കോഴിക്കോട് കോർപ്പറേഷൻ | 72 | 1000000 |
| 2 | കോഴിക്കോട് | കുന്ദമംഗലം അഡീഷണൽ | കൊടിയത്തൂർ | 37 | 140000 |
| 3 | കോഴിക്കോട് | പേരാമ്പ്ര | നൊച്ചാട് | 113 | 140000 |
| 4 | കോഴിക്കോട് | പേരാമ്പ്ര | ചെറുവണ്ണൂർ | 53 | 175000 |
| 5 | പത്തനംതിട്ട | പുളിക്കീഴ് | നെടുമ്പ്രം | 66 | 250000 |
| 6 | പത്തനംതിട്ട | പുളിക്കീഴ് | നെടുമ്പ്രം | 68 | 314000 |
| 7 | മലപ്പുറം | വണ്ടൂർ അഡീഷണൽ | പാണ്ടിക്കാട് | 112 | 126000 |
| 8 | മലപ്പുറം | വണ്ടൂർ | മമ്പാട് | 114 | 1000000 |
| 9 | മലപ്പുറം | അരീക്കോട് | കിഴുപ്പറമ്പ് | 55 | 380000 |
| 10 | ഇടുക്കി | നെടുങ്കണ്ടം അഡീഷണൽ | രാജകുമാരി | 44 | 151000 |
| 11 | തൃശ്ശൂർ | കൊടുങ്ങല്ലൂർ | എറിയാട് | 48 | 106057 |
| 12 | തൃശ്ശൂർ | കൊടുങ്ങല്ലൂർ | എറിയാട് | 21 | 139324 |
| 13 | തൃശ്ശൂർ | കൊടുങ്ങല്ലൂർ | എറിയാട് | 50 | 123257 |
| 14 | തൃശ്ശൂർ | കൊടുങ്ങല്ലൂർ | എറിയാട് | 36 | 112861 |
| 15 | കണ്ണൂർ | ഇരിക്കൂർ | മയ്യിൽ | 50 | 1000000 |
| 16 | കണ്ണൂർ | തളിപ്പറമ്പ് | കുറമാത്തൂർ | 49 | 1000000 |
| 17 | തിരുവനന്തപുരം | പെരുങ്കടവിള അഡീഷണൽ | പെരുങ്കടവിള | 21 | 906000 |
| 18 | തിരുവനന്തപുരം | വെള്ളനാട് | കുറ്റിച്ചൽ | 117 | 181000 |
| 19 | കാസർഗോഡ് | മഞ്ചേശ്വരംഅഡീഷണൽ | പുത്തിഗൈ | 48 | 1000000 |
| 20 | പാലക്കാട് | മണ്ണാർക്കാട് | തച്ചമ്പാറ | 45 | 260000 |
| 21 | കോട്ടയം | ഈരാറ്റുപേട്ട | മൂന്നിലവ് | 137 | 598232 |
| 22 | കോട്ടയം | വാഴൂർ | നെടുകുന്നം | 71 | 238000 |
| 23 | കൊല്ലം | ചടയമംഗലം അഡീഷണൽ | കടയ്ക്കൽ | 109 | 178000 |
| 24 | കൊല്ലം | ചടയമംഗലം അഡീഷണൽ | കടയ്ക്കൽ | 98 | 126000 |
| 25 | വയനാട് | കൽപ്പറ്റ | കൊട്ടത്തറ | 56 | 300000 |
| ആകെ | | | | | 9944731 |

തൊണ്ണൂറ്റിഒൻപത് ലക്ഷത്തിനാല്പത്തിനാലായിരത്തിഎഴുനൂറ്റിമുപ്പത്തിഒന്ന് രൂപ

Sunda

വനിതശിശുവികസനഡയറക്ടർക്ക് വേണ്ടി